**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1884**
**22.01.2014- ലെ മറുപടിയ്ക്ക്**

## സ്റ്റാറ്റ്യൂട്ടറി പെൻഷൻ സംരക്ഷണത്തിനായി നടത്തിയ അനിശ്ചിതകാല സമരത്തിന്റെ ഒത്തു തീർപ്പു വ്യവസ്ഥ

**ചോദ്യം**
**ശ്രീ. കെ.വി. വിജയദാസ്**

**ഉത്തരം**
**ശ്രീ. ഉമ്മൻ ചാണ്ടി**
**(ബഹു. മുഖ്യമന്ത്രി)**

| | | |
|---|---|---|
| (എ) | ജീവനക്കാരും അദ്ധ്യാപകരും സ്റ്റാറ്റ്യൂട്ടറി പെൻഷൻ സംരക്ഷണത്തിനായി നടത്തിയ അനിശ്ചിതകാല സമരത്തിന്റെ ഒത്തു തീർപ്പു വ്യവസ്ഥകളുടെ അന്തിമ തീരുമാനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ? | ജീവനക്കാരുടെ പണിമുടക്കിനെ തുടർന്ന് 13.01.2013-ൽ നടത്തിയ ചർച്ചയിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കുമ്പോഴുണ്ടാകുന്ന പ്രായോഗിക വൈഷമ്യങ്ങൾ പരിശോധിക്കുന്നതിനായി 15.01.2014-ലെ സ.ഉ (എം.എസ്) നം. 17/2014/ധന പ്രകാരം ധനകാര്യ വകുപ്പിന്റെ കീഴിൽ എൻ.പി.എസ് സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ജീവനക്കാരുടെ അനിശ്ചിതകാല പണിമുടക്കിൽ പങ്കെടുത്തവർക്കെതിരെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് 23.02.2013-ലെ നം. 10568/എസ്.എസ്1/13/പൊ.ഭ.വ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. 01.04.2013-ന് ശേഷം സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് ദേശീയ പെൻഷൻ പദ്ധതി ബാധകമാക്കിക്കൊണ്ട് കേരള സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് 16.03.2013-ൽ നം. 136/13/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. ദേശീയ പെൻഷൻ |

| | | |
|---|---|---|
| | | പദ്ധതിയുടെ പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്ന സംവിധാനത്തിൽ ഗവൺമെന്റ് സെക്യൂരിറ്റികളിൽ കേരള ഗവൺമെന്റ് ട്രഷറിയെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സമരത്തിന്റെ ഭാഗമായി ഉണ്ടാക്കിയ ഒത്തു തീർപ്പു വ്യവസ്ഥകളിൽ നിന്ന് ഏതെങ്കിലും കാര്യത്തിൽ സർക്കാർ പിന്നോക്കം പോയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | ഇല്ല. |

Baijurani

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**